# പതിനാലാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ. 4115**

**2018 ഡിസംബർ 13 -ലെ മറുപടിക്ക്**

## <u>സാമ്പത്തിക ക്രമക്കേടുകൾ</u>

| **<u>ചോദ്യം</u>**<br>**ശ്രീ. വി.ടി ബൽറാം** | **<u>ഉത്തരം</u>**<br>**ഡോ. റ്റി.എം. തോമസ് ഐസക്**<br>**ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
|---|---|
| **(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര സാമ്പത്തിക ക്രമക്കേട് കേസുകൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി; വ്യക്തമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട **306** പരാതികൾ/കേസുകൾ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. |
| **(ബി)** ഈ കേസുകളിൽ ഏതിലെല്ലാം ധനകാര്യ വകുപ്പ് അന്വേഷണം നടത്തിയെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നും വിശദമാക്കുമോ; | **219** കേസുകളിൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തുകയും, നടപടികൾ തുടരുകയും ചെയ്യുന്നു. അംഗീകരിച്ച പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ.ഉ (പി) നം. 506/92/ധന. തീയതി 20.08.1992, സ.ഉ (പി) നം.2981/98/ധന തീയതി 25.11.1998, സർക്കുലർ നം.56/FIW-ജി1/08/ധന തീയതി 30.08.2008 എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. |
| **(സി)** സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; സ്ഥാനമാന പരിഗണനകൾ കൂടാതെ സാമ്പത്തിക കുറ്റവാളികൾക്കെതിരെ നടപടി എടുക്കുമോ എന്ന് വ്യക്തമാക്കുമോ? | സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ സ്ഥാനമാന പരിഗണനകൾ കൂടാതെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**